# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 343 | 28.10.2019 ൽ മറുപടിയ്ക്ക് |
|---|---|

## അങ്കണവാടികൾക്ക് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾ കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i. വകുപ്പിന്റെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി PWD/LSGD മുഖേന അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു.<br>ii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREGA) പ്രകാരം വകുപ്പു വിഹിതം 2 ലക്ഷം രൂപയും, (1,20,000/- കേന്ദ്ര വിഹിതം 80,000/- സംസ്ഥാന വിഹിതം) MGNREGA Mission വിഹിതം 5 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു.<br>iii. മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ വകുപ്പ് ഫണ്ട് 17 ലക്ഷം രൂപയും MLA യുടെ പ്രാദേശിക വികസന ഫണ്ട് 6.75 ലക്ഷം രൂപയും ഉൾപ്പെടുത്തി അതാത് MLA മാരുടെ നിയോജക മണ്ഡലങ്ങളിൽ മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു.<br>iv. MLA/MP/LSGD ഫണ്ട് വിനിയോഗിച്ച് |

| | |
|---|---|
| | അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തി വരുന്നു. |
| ബി) കാലപ്പഴക്കത്താലും പ്രളയത്തിൽ അകപ്പെട്ടതിനാലും തകർച്ചയിലായ അങ്കണവാടിക്കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) കാലപ്പഴക്കത്തിലും പ്രളയത്തിൽ അകപ്പെട്ടതിനാലും തകർച്ചയിലായ അങ്കണവാടി കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) ഇല്ലെങ്കിൽ ഇതിനായി റീബിൽഡ് കേരള പദ്ധതിയുൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | സി) ബാധകമല്ല. |

Suma

സെക്ഷൻ ഓഫീസർ